(സി) ട്രഷറിയിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരം മാറ്റിക്കൊണ്ടു പോയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരുടെ ഫണ്ട് മടക്കിക്കൊണ്ടുവരാനുള്ള തീരുമാനം പ്രായോഗികമാക്കാൻ സാദ്ധ്യമായോ എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാന ബജറ്റിൽ കണക്കാക്കിയിട്ടുള്ള തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച ഉണ്ടായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം സെപ്റ്റംബർ 30-ന് അവസാനിച്ച ആദ്യ പകുതിയിൽ ബജറ്റ് എസ്റ്റിമേറ്റിന്റെ 40.5 ശതമാനം തുക റവന്യൂ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. എങ്കിൽ തന്നെയും വികസനച്ചെലവുകൾ വർദ്ധിച്ചതും സാമൂഹ്യക്ഷേമ പദ്ധതികളിലെ അധികരിച്ച ചെലവും നിമിത്തം സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമെ കടമെടുത്തിട്ടുള്ളൂ. ഈ സാമ്പത്തിക വർഷത്തിന്റെ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ ഇപ്രകാരമാണ്

ആദ്യ പാദം (ഏപ്രിൽ-ജൂൺ)	3700 കോടി രൂപ
രണ്ടാം പാദം(ജൂലൈ-സെപ്റ്റംബർ)	3200 "
മൂന്നാം പാദം(ഒക്ടോബർ-ഡിസംബർ) നവംബർ 30 വരെ	2500 "

(സി) ട്രഷറിയിൽ നിന്ന് ഫണ്ട് മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതു കടം

209(549) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം ആകെ എത്ര കോടി രൂപ കടം വാങ്ങിയിട്ടുണ്ട്, ഏതെല്ലാം ഇനങ്ങളിലാണ് കടം വാങ്ങിയിട്ടുള്ളത് ; ആയത് ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ ഉൾപ്പടെ 30-9-2014-വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,25,258.17 കോടി രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം 30-9-2014 വരെ 46,584.93 കോടി രൂപ കടം എടുത്തിട്ടുണ്ട്. ഇതിൽ 34,255.27 കോടി രൂപ ആഭ്യന്തരകടവും 628.70 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നുള്ള കടവും 11,700.96 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നുള്ള കടവുമാണ്. ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപ്പാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവാക്കുന്നത്.

കരാറുകാർക്ക് ഓരോ സാമ്പത്തിക വർഷവും നൽകിയ തുക

210(550) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാറുകാർക്ക് ഓരോ സാമ്പത്തിക വർഷവും എത്രതുക വീതം കൊടുത്തുതീർത്തു ; നടപ്പു സാമ്പത്തിക വർഷം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പുസാമ്പത്തിക വർഷം മരാമത്ത് പണികൾ, ആസ്തി വികസന ഫണ്ട് ചെലവഴിച്ച് ചെയ്യുന്ന നിർമ്മാണ പണികൾ എന്നിവയ്ക്ക് ഭരണ, സാങ്കേതിക അനുമതി നൽകാതെ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോ ;

(സി) എം. എൽ. എ. മാർ നിർദ്ദേശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന വർക്കുകൾക്ക് ധനകാര്യവകുപ്പ് ക്ലിയറൻസ് നൽകാതെ വരുന്നകാര്യം അറിയുമോ ; എങ്കിൽ അടിയന്തിര നടപടി സ്വീകരിക്കാമോ ?

584/16

LIBRARY ARCHIVES Kerala Legislative Assembly